VI. റൂളിംഗ്

അവിശ്വാസ പ്രമേയാവതാരകന് വീണ്ടും പ്രസംഗിക്കാൻ അവസരം കൊടുക്കണമെന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, അവിശ്വാസപ്രമേയ ചർച്ച.....

മി. സ്പീക്കർ: പ്രമേയാവതാരകന് മറുപടിക്കുള്ള അവസരം കൊടുക്കണമെന്ന് പറഞ്ഞ് ശ്രീ. എം. വി. ജയരാജൻ ഒരു കടലാസ് എഴുതിത്തന്നു. അതിനെപ്പറ്റി ഞാൻ പറയാം. ഇതുവരെ നമ്മുടെ നിയമസഭയിൽ വന്ന എല്ലാ പ്രൊസീഡിംഗ്സും ഞാൻ പരിശോധിച്ചു. ഒരിക്കലും അങ്ങനെ കൊടുത്തിട്ടില്ല. അദ്ദേഹം പറയുന്ന പാർലമെന്ററി നടപടിക്രമങ്ങളെ സംബന്ധിച്ചാണെങ്കിൽ പാർലമെന്ററിൽ പ്രമേയാവതാരകന് ഒറവാക്കിൽ അവതരിപ്പിക്കാനല്ലാതെ പ്രസംഗിക്കാൻ അവകാശമില്ല. അതുകൊണ്ട് പ്രസംഗിക്കാൻ ഒരവസരം കൊടുത്തു. രണ്ടാമതും സംസാരിക്കാൻ അവസരമില്ല. നമ്മുടെ പ്രീസീഡൻറ് അനുസരിച്ചും സൗകര്യമില്ല. അതുകൊണ്ട് അനുവദിക്കാൻ സാധ്യമല്ല.

ശ്രീ. എം. വി. ജയരാജൻ: സർ, 1961 ജൂൺ 28-ന് കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ശ്രീ. സി. ജി. ജനാർദ്ദനൻ അവിശ്വാസപ്രമേയം അവതരിപ്പിച്ച് അതിന്റെ മറുപടിക്കു ശേഷവും അദ്ദേഹത്തിന് സംസാരിക്കാൻ അനുവദിച്ചതിന്റെ പ്രൊസീഡിംഗ്സിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. അതിനുശേഷം നിയമസഭാ ചട്ടം 289 പ്രകാരവും Practice & Procedure of Parliament അനുസരിച്ചും യഥാർത്ഥത്തിൽ ഇത് നമുക്ക് അനുവദനീയമാണ്. അപ്പോഴും അതു കൊടുക്കേണ്ടതാണ്. അങ്ങ് ഈ ഭാഗം പരിശോധിക്കണം.

മി. സ്പീക്കർ: ഇതിൽ വളരെ വ്യക്തമായിട്ട് പറയാം. 289 (3)-നു ശേഷം 290 അതനുസരിച്ച് പോകുകയാണെങ്കിൽ മറുപടിയും മറുപടിക്ക് മറുപടിയുമായിട്ട് അനന്തമായി പോകും. റൂളുകൾ എന്തുതന്നെയായിരുന്നാലും വ്യക്തികൾക്ക് അവകാശമുണ്ട്. പക്ഷെ നമ്മൾ പാർട്ടികൾക്കാണ് സമയം കൊടുക്കുന്നത്. ആരോഗ്യകരമായ ചില പ്രീസീഡൻറ്സ് ഇവിടെ ഉണ്ട്. അങ്ങു പറഞ്ഞ ശ്രീ. സി. ജി. ജനാർദ്ദനന്റെ പ്രീസീഡൻറ് കഴിഞ്ഞ് വളരെയധികം വെള്ളം ഒഴുകിപ്പോയി. അതിനുശേഷം വന്ന എല്ലാ സന്ദർഭങ്ങളിലും ഏകകണ്ഠമായി എന്റെ പൂർവ്വികർ നൽകിയ റൂളിംഗ് ഇതാണ്: I stand by that. അതാണ് ഇപ്പോഴത്തെ കീഴ്വഴക്കം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, അഴിമതിയാരോപണങ്ങളെ സംബന്ധിച്ച് ശ്രീ. എം. വി. ജയരാജൻ അങ്ങേയ്ക്ക് എഴുതിത്തന്നു. അതിൽ വെയർഹൗസിംഗ് കോർപ്പറേഷനെ സംബന്ധിച്ച് 266 കോടി രൂപ എന്നെഴുതിത്തിരുകയും പിന്നീട് തിരുത്തി 26 കോടി രൂപയുടെ അഴിമതി നടത്തി എന്നു പറഞ്ഞ് ഒരു പരാമർശം ഉണ്ടാവുകയും ചെയ്തു. അദ്ദേഹം എഴുതിയത് ഇപ്രകാരമാണ്, മുഖ്യമന്ത്രിയുടെ അനിവോടെയും സമ്മതത്തോടെയും കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, എം. ഡി. നടത്തിക്കൊണ്ടിരിക്കുന്ന അഴിമതി ബിസിനസ്സ് ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ ഗോഡൗൺ നിർമ്മിച്ചു കൊണ്ട് 266 കോടി രൂപ എന്നെഴുതി. രണ്ടാമത് 26 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly